പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5881 — 07.07.2014-ലെ മറുപടിക്ക്

ക്ഷീരകർഷകർക്ക് മിൽമ നൽകിവരുന്ന ആനുകൂല്യങ്ങളും വേനൽക്കാല ഇൻസെന്റീവും

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എ.കെ.ബാലൻ: | | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരകർഷകർക്ക് മിൽമ നൽകിവരുന്ന ആനുകൂല്യങ്ങളും വേനൽക്കാല ഇൻസെന്റീവും നിർത്തലാക്കിയിട്ടുണ്ടോ ;<br><br>(ബി) എങ്കിൽ എന്നു മുതലാണ് നിർത്തലാക്കിയത് ; നിർത്തലാക്കാൻ എന്തായിരുന്നു കാരണം ; | (എ) & (ബി) | മിൽമയുടെ തിരുവനന്തപുരം, എറണാകുളം, മലബാർ മേഖലാ യൂണിയനുകൾ വിവിധ രീതിയിലുള്ള ആനുകൂല്യങ്ങളാണ് ക്ഷീരകർഷകർക്ക് നൽകിവരുന്നത്. തിരുവനന്തപുരം മേഖലാ യൂണിയൻ, യൂണിയന്റെ പ്രവർത്തനലാഭത്തിൽ നിന്നും, സംഘങ്ങൾ വഴി കഴിഞ്ഞവർഷം ഇൻസെന്റീവ് ഇനത്തിൽ 20 കോടി രൂപ കർഷകർക്ക് നൽകുകയുണ്ടായി.<br>എറണാകുളം മേഖലാ യൂണിയൻ 2013 നവംബർ മുതൽ 2014 ഏപ്രിൽ വരെ വേനൽക്കാല ഇൻസെന്റീവ് നൽകിയിരുന്നു.<br>മലബാർ മേഖലാ യൂണിയൻ വേനൽക്കാല ഇൻസെന്റീവ് നൽകിയിട്ടില്ല. എന്നാൽ 2014 ഏപ്രിൽ മാസത്തിൽ 128 ലക്ഷം രൂപ അധിക പാൽവിലയായി ക്ഷീരകർഷകർക്ക് നൽകിയിട്ടുണ്ട്.<br><br>ഫണ്ടിന്റെ അപര്യാപ്തത മൂലം തിരുവനന്തപുരം മേഖലാ യൂണിയനും മലബാർ മേഖലാ യൂണിയനും കാലിത്തീറ്റയ്ക്ക് സ്വന്തം പ്രവർത്തനഫണ്ടിൽ നിന്നും നൽകിവന്നിരുന്ന സബ്സിഡി യഥാക്രമം 2014 ജൂൺ 1 മുതലും 2014 ഫെബ്രുവരി 1 മുതലും നിർത്തലാക്കി.<br>ഫണ്ടിന്റെ അപര്യാപ്തത മൂലം എറണാകുളം മേഖലാ യൂണിയൻ വേനൽക്കാല ഇൻസെന്റീവ് 2014 മെയ് 1 മുതൽ നിർത്തലാക്കിയിരിക്കുകയാണ്. |
| (സി) ക്ഷീരകർഷകർക്ക് നൽകിവരുന്ന ആനുകൂല്യങ്ങളും വേനൽക്കാല ഇൻസെന്റീവും എപ്രകാരമായിരുന്നു ; | (സി) | 2013-2014 വർഷത്തിൽ എറണാകുളം മേഖലാ യൂണിയൻ ഏപ്രിൽ, മെയ് മാസങ്ങളിൽ ലിറ്ററിന് 2 രൂപ നിരക്കിലും നവംബർ, ഡിസംബർ, ജനുവരി എന്നീ മാസങ്ങളിൽ 1 രൂപ നിരക്കിലും 2014 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ 2 രൂപ നിരക്കിലും കർഷകർക്ക് ഇൻസെന്റീവ് നൽകി. |

ഇതിനു പുറമെ 2013 ഡിസംബർ, 2014 ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ലിറ്ററിന് 50 പൈസ നിരക്കിൽ സംഘങ്ങൾക്കും ഇൻസെന്റീവ് നൽകിയിട്ടുണ്ട്.

മലബാർ മേഖലാ യൂണിയൻ വേനൽക്കാല ഇൻസെന്റീവ് നടപ്പിലാക്കിയിട്ടില്ല. എന്നാൽ 2014 ഏപ്രിൽ മാസത്തിൽ 128 ലക്ഷം രൂപ അധികപാൽ വില നൽകിയിട്ടുണ്ട്.

പാലുല്പാദനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയൻ മിനി ഡയറി പദ്ധതി, കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, കിടാരി വളർത്തൽ പദ്ധതി, കാലിത്തീറ്റ സബ്സിഡി, പശുക്കളെ വാങ്ങുന്നതിനുള്ള റിവോൾവിംഗ് ഫണ്ട്, മൃഗ ചികിത്സാ സഹായം, കർഷകർക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ്, ഉല്പാദന വർദ്ധനവിന് വേണ്ട വിരമരുന്നും മറ്റുല്പന്നങ്ങളും നൽകൽ, കറവയന്ത്രം, മാറ്റ്, ഇലക്ട്രോണിക് മിൽക്ക് ടെസ്റ്റർ, പാൽ സംഭരിക്കുന്നതിന് പാൽപാത്രങ്ങൾ എന്നിവ നൽകൽ, ആം ആദ്മി ബീമാ യോജന പദ്ധതി, അന്യ സംസ്ഥാനങ്ങളിൽ നിന്നും ഉരുക്കളെ കൊണ്ടുവരുന്നതിനുള്ള കടത്തുകൂലി, കുളമ്പ് രോഗം മൂലം പശുക്കൾ ചത്തുപോയ കർഷകർക്ക് 10,000/- രൂപ വീതവും, കിടാരിയ്ക്ക് 2,000/- രൂപ വീതവും, കന്നുകുട്ടിയ്ക്ക് 1000/- രൂപ വീതവും നഷ്ടപരിഹാരം, മഴക്കാലക്കെടുതിയിൽ പശുക്കൾ ചത്തുപോയ കർഷകർക്ക് 5000/- രൂപ വീതവും, കിടാരിയ്ക്ക് 2000/- രൂപ വീതവും, കന്നുകുട്ടിയ്ക്ക് 1000/- രൂപ വീതവും നഷ്ടപരിഹാരം എന്നിവ നടപ്പിലാക്കുന്നു. എറണാകുളം മേഖലാ യൂണിയൻ പാലിന് വേനൽക്കാല അധികവില, പശുക്കളെ വാങ്ങുന്നതിനുള്ള ലോണിന് പലിശ സബ്സിഡി, സബ്സിഡി നിരക്കിൽ വയ്ക്കോൽ വിതരണം, തൊഴുത്ത് പണിയുന്നതിന് സാമ്പത്തിക സഹായം, കന്നുകാലി ഇൻഷ്വറൻസ് സബ്സിഡി, കിടാരി വളർത്തലിന് 50% നിരക്കിൽ കാലിത്തീറ്റ, ഫാമുകൾക്ക് ട്രാൻസ്പോർട്ടേഷൻ സബ്സിഡി, പട്ടികജാതി വനിതകൾക്ക് കിടാരി വളർത്തൽ യൂണിറ്റ്, കർഷകർക്ക് പാൽ പാത്രങ്ങളും ക്ലീനിംഗിനുമുള്ള രാസവസ്തുക്കൾ നൽകുക, സംഘങ്ങൾക്ക് പാൽ ക്യാനുകളും ടെസ്റ്റിംഗ് ഉപകരണങ്ങളും നൽകുക, സംഘങ്ങൾക്ക് ക്യാനുകൾ, സെൻട്രിഫ്യൂജ് എന്നിവ വാങ്ങുന്നതിന് സബ്സിഡി, കർഷകർക്കും സംഘം ജീവനക്കാർക്കും പരിശീലനപരിപാടികൾ എന്നിവ നടപ്പാക്കുന്നു.

മലബാർ മേഖലാ യൂണിയൻ ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ട് കിടാരികളെ ദത്തെടുക്കൽ പദ്ധതി, ഉല്പാദന വർദ്ധനവിന് വേണ്ട ഉല്പന്നങ്ങൾ നൽകുക, മിനി ഡയറി

യൂണിറ്റുകൾക്ക് ഫാം സപ്പോർട്ട് പദ്ധതി, ബദൽ തീറ്റ വസ്തുക്കളുടെ വിതരണം, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പശുക്കളെയും കിടാരികളെയും ദത്തെടുക്കൽ പദ്ധതി എന്നിവയും നടപ്പിലാക്കുന്നുണ്ട്. ഇതിനു പുറമെ മൂന്ന് യൂണിയനുകളും **N.D.P-I** പ്രകാരം **Ration Balancing Programme (R.B.P), Village Based Milk Procurement System (VBMPS)** എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു.

(ഡി) മിൽമ പാൽ വില വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഒരു ലിറ്റർ പാലിന്റെ വില എത്ര രൂപയാണ് വർദ്ധിപ്പിക്കാൻ തീരുമാനിച്ചത് ; അതിൽ എത്ര രൂപ കർഷകർക്ക് ലഭിക്കും ?

(ഡി) ഉത്പാദനച്ചെലവിലുണ്ടായ വർദ്ധനവ് കാരണം പാലിന്റെ വില വർദ്ധിപ്പിക്കണമെന്ന ക്ഷീരകർഷകരുടെ ആവശ്യം കണക്കിലെടുത്ത് പാലിന്റെ സംഭരണ വില്പനവില വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച വിഷയം മിൽമ ഭരണസമിതി ചർച്ച ചെയ്തിരുന്നു എങ്കിലും ഇത് സംബന്ധിച്ച ഔദ്യോഗിക പ്രഖ്യാപനങ്ങളൊന്നും ഉണ്ടായിട്ടില്ല.

സെക്ഷൻ ഓഫീസർ